# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6337 11.07.2012- ൽ മറുപടിക്ക്**

## പൂവ്വാർ - പൊഴിക്കരയിലെ കപ്പൽ നിർമ്മാണശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരത്തെ പൂവ്വാർ പൊഴിക്കരയിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കേരളത്തിൽ ഷിപ്പ് യാർഡ് സ്ഥാപിക്കുന്നതിനായി വിഴിഞ്ഞം, പൂവ്വാർ, അഴീക്കൽ എന്നീ മൂന്ന് സ്ഥലങ്ങളിൽ കൊച്ചിൻ ഷിപ്പ് യാർഡ് പഠനം നടത്തുകയും കൊച്ചിൻ ഷിപ്പ് യാർഡിന്റെ റിപ്പോർട്ട് പ്രകാരം കപ്പൽ നിർമ്മാണ ശാലയ്ക്കനുയോജ്യമായ സ്ഥലങ്ങൾ മുൻഗണനാക്രമത്തിൽ 1. വിഴിഞ്ഞം 2. പൂവ്വാർ 3. അഴീക്കൽ എന്നിങ്ങനെയാണ്. കൊച്ചിൻ ഷിപ്പ് യാർഡ് സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) ഇവിടെ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിനായി നിലവിലുള്ള അനുകൂല ഘടകങ്ങൾ എന്തൊക്കെയാണ്; | (ബി) കപ്പൽ നിർമ്മാണ കേന്ദ്രത്തിന് അനുയോജ്യമായ സ്ഥലങ്ങളിലൊന്നായി പൂവ്വാർ പരിഗണിച്ചിട്ടുണ്ട്. അന്താരാഷ്ട്ര കപ്പൽ ചാനൽ അടുത്തായതിനാലും ആവശ്യത്തിനുള്ള ആഴം ലഭ്യമായതിനാലുമാണ് പൂവ്വാർ അനുയോജ്യമായ സ്ഥലങ്ങളിലൊന്നായി കണക്കാക്കപ്പെട്ടത്. |

------2

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി കേരളത്തിന് നഷ്ടപ്പെടാതിരിക്കാനായി അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | കൊച്ചിൻ ഷിപ്പ് യാർഡ് സമർപ്പിച്ചിട്ടുള്ള സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ